17 cm spine 1 cm 24 cm

# ആമുഖം

സർവ്വ സ്തുതിയും അല്ലാഹുവിനാണ്. അവൻെറ രക്ഷയും സമാധാനവും തിരു ദൂതനായ മുഹമ്മദ് നബി ﷺ യിൽ വർഷിക്കുമാറാകട്ടെ.

**മുസ്‌ലിം സഹോദരാ, സഹോദരീ, അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ. നാല് കാര്യങ്ങൾ നാം അറിയൽ അനിവാര്യമാണ്.**

**1 - ജ്ഞാനം.** അല്ലാഹുവിനെയും അവൻെറ പ്രവാചകനെയും അവൻെറ മതമായ ഇസ്‌ലാമിനെയും അറിയുകയാണത്. അറിവില്ലാതെ അല്ലാഹുവിനെ ആരാധിക്കാവ തല്ലല്ലോ. അങ്ങനെ ചെയ്താൽ അവൻ വഴിപിഴച്ചുപോകുന്നതാണ്. അതാണ് ക്രിസ് ത്യാനികൾക്ക് സംഭവിച്ചത്.

**2 - കർമ്മം.** അറിവനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അവൻ ജൂതരോട് സമാനമായി. കാരണം അവർ അപ്രകാരമായിരുന്നു. അജ്ഞത മുഖേന അല്ലാഹുവിൻെറ അടുക്കൽ രക്ഷപ്പെടാൻ സാധിച്ചേക്കുമെന്ന തോന്നലുണ്ടാക്കി അറിവിൽ നിന്ന് അകററുകയാണ് പിശാചിൻെറ കുതന്ത്രം. പഠിക്കാൻ സൗകര്യമുണ്ടായിട്ടും പഠിക്കാതിരിക്കുന്നത് കുററമാണ്. (തങ്ങളുടെ ചെവികളിൽ വിരലുകൾ വെക്കുകയും അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും) ചെയ്തുകൊണ്ട് നൂഹ് നബി عليه السلام യുടെ ജനത ആ കുതന്ത്രം പ്രയോഗിച്ചെങ്കിലും രക്ഷപ്പെട്ടില്ല.

**3 - പ്രബോധനം ചെയ്യുക.** കാരണം പണ്ഡിതന്മാരും പ്രബോധകരും നബിമാരുടെ അനന്തരാവകാശികളാണ്. ഇസ്രാഈല്യരെ അല്ലാഹു ഇങ്ങനെ ആക്ഷേപിച്ചു: “അവർ ചെയ്തിരുന്ന ദുരാചാരത്തെ അവർ പര്സ്പരം തടയുമായിരുന്നില്ല. അവർ ചെയ്തുകൊണ്ടിരുന്നത് വളരെ ചീത്ത. (മാഇദ: 79)

പ്രബോധനവും അദ്ധ്യാപനവും സാമൂഹ്യ ബാധ്യതയാണ്. അത് മതിയാവുന്നത്ര ആളുകൾ നിർവ്വഹിക്കുന്നെങ്കിൽ മററുള്ളവർ കുററക്കാരാവുകയില്ല. എന്നാൽ അത് എല്ലാവരും ഉപേക്ഷിച്ചാൽ എല്ലാവരും കുററക്കാരാവുകയും ചെയ്യും.

**4 - ക്ഷമ പാലിക്കണം.** വിജ്ഞാനസമ്പാദനത്തിനും അത് കർമ്മജീവിതത്തിൽ പകർ ത്തുന്നതിനും അത് പ്രബോധനം ചെയ്യുന്നതിനും ത്യാഗവും ക്ഷമയും വേണം.

* അജ്ഞതയുടെ വിപാടനത്തിലും സ്വീകാര്യമായ നബി ﷺ വചനങ്ങൾ അവലംബിച്ച് അനിവാര്യജ്ഞാനം ലളിതമായി അവതരിപ്പിക്കുന്നതിലുമുള്ള ചെറിയ ശ്രമമാണ് ഈ ഗ്രന്ഥം. മതപരമായ സാമാന്യജ്ഞാനം ഇതിൽ സംക്ഷേപിച്ചിട്ടുണ്ട്.

എന്നാൽ ഇതിൽ പരിപൂർണ്ണത പ്രാപിച്ചുവെന്ന് അവകാശപ്പെടുന്നില്ല. എങ്കിലും എളിയവൻെറ അദ്ധ്വാ നം മാത്രമായി കാണുക. ഇതിലെ ശരികൾ അല്ലാഹുവിൽ നിന്നും അബദ്ധം നമ്മുടേതും പിശാചിൻേറതുമാണ്. അല്ലാഹുവും റസൂലും അതിൽ നിന്നൊഴിവാണ്. ന്യൂനതകൾ ചൂണ്ടിക്കാണിക്കുന്നവരെ അല്ലാഹു അനുഗ്രഹിക്കട്ടെ. ഇതിൻെറ പ്രസി ദ്ധീകരണത്തിലും പ്രചരണത്തിലും പഠനത്തിലും പങ്കുവഹിക്കുന്ന സർവ്വർക്കും അല്ലാ ഹു ഇരട്ടിയായി പ്രതിഫലം നൽകട്ടെ. രചയിതാവ്

*വിവർത്തനകുറിപ്പ്:* പ്രസിദ്ധ പണ്ഡിതൻ മുഹമ്മദ് **ബിൻസുലയ്**മാൻ അൽഅശ്കർ രചിച്ച സുബ്ദത്തുത്തഫ്സീർ എന്ന ഗ്രന്ഥത്തിലെ അവസാന ഭാഗത്തെ **അഹ്കാമുൻ തഹുമ്മുൽ മുസ്‌ലിം** എന്നതിൻെറ വിവർത്തനമാണിത്. ഇത് ലളിതവും പദാനുപദ വുമാക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ ആശയാനുവാദം നടത്തിയിട്ടുണ്ട്. വീക്ഷണ വ്യത്യാസമുള്ള വിഷയത്തിലെ അഭിപ്രായം ഗ്രന്ഥകാരൻെറതാണെന്ന് ഉണർത്തുന്നു. തജ്‌വീദ് ഒഴിവാക്കിയിട്ടുണ്ട്. സാമാന്യമായി പുതുമയോടെ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന ഈ ഗ്രന്ഥം ഉപകരിക്കുന്ന സൽകർമ്മമായി അല്ലാഹു സ്വീകരിക്കട്ടെ. പ്രാർത്ഥനയോടെ, വിവർത്തകൻ.


| ഈ ഗ്രന്ഥം സൗജന്യ വിതരണത്തിനുള്ളതാണ് വിൽകാൻ പാടുള്ളതല്ല. | ആദ്യ പ്രിൻറ് ഹിജ്റ 1432 ശവ്വാലിൽ | ഇസ്‌ലാമിക ലോകത്തുള്ള പണ്ഡിതന്മാരും വിദ്യർത്ഥികളും ഈ ഗ്രന്ഥത്തെ അഭിനന്ദിച്ചിക്കുണ്ട |
|---|---|---|

ഇതിൽ പങ്കാളികളാകാനോ, സംഭാവന ചെയ്യാനോ, ഈ പുസ്തകത്തിനോ, കൂടുതൽ വിവരങ്ങളറിയാനോ ആഗ്രഹിക്കുന്നവർ www.tafseer.info എന്ന സൈററിൽ ബന്ധപ്പെടുക. E-mail : mel@tafseer.info


■ ഇമാം അഹ്മദ്(റ) പറഞ്ഞു: പ്രവർത്തി പഥത്തിൽ വരുത്താതെ ഒരു ഹദീസും ഞാൻ എഴുതിയിട്ടില്ല. നബി ﷺ കൊമ്പുവെക്കുകയും അബൂത്വയ്ബക്ക് ഒരു ദീനാർ നൽകു കയും ചെയ്തു എന്ന ഹദീസ് എത്തിയപ്പോൾ ഞാൻ കൊമ്പു വെക്കുകയും ഒരു ദീനാർ കൊടുക്കുകയും ചെയ്തു.

■ ഇമാം ബുഖാരി(റ) പറഞ്ഞു: പരദൂഷണം നിഷിദ്ധമാണെന്ന് അറിഞ്ഞ ശേഷം ഓരാളോടും ഞാൻ അത് പറഞ്ഞിട്ടില്ല. അത് പറഞ്ഞതിൻെറ പേരിൽ വിചാരണ ചെയ്യപ്പെടാനിടവരാതെ അല്ലാഹുവിനെ കാണണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

■ നമസ്കരിച്ച ശേഷം ആയത്തുൽ കുർസിയ്യ് ഓതിയാൽ സ്വർഗ്ഗ പ്രവേശനത്തിൽ നിന്ന് അവനെ തടയുന്നത് മരണം മാത്രമാണ് (സുനനുൽകുബ്റാ) എന്ന് ഹദീസിലുണ്ട്. ഇബ്നുൽഖയ്യിം(റ) പറയുന്നു: മറവി പോലെയുള്ളത് കൊണ്ടല്ലാതെ ഒരു നമസ്കാരത്തിന് ശേഷവും അത് ചൊല്ലാതിരുന്നിട്ടില്ല എന്ന് ശൈഖുൽ ഇസ്‌ലാം ഇബ്നുതയ്മിയ്യ(റ) പറഞ്ഞ വിവരം നമുക്ക് ലഭിച്ചിട്ടുണ്ട്.

* വിജ്ഞാനവും കർമ്മവും തമ്മിൽ പൊരുത്തമുണ്ടായാൽ മാത്രം പോരാ അതിലേക്ക് ക്ഷണിക്കുകയും വേണം. താങ്കൾക്ക് ലഭിച്ച ഈ മഹത്തായ അനുഗ്രഹം മററുള്ളവർക്ക് പ്രബോധനം ചെയ്യുന്നതിലൂടെ താങ്കൾക്കും അവർക്കും ലഭിക്കുന്ന പ്രതിഫലം വളരെ മഹത്തരമാണ്. അത് താങ്കൾ നഷ്ടപ്പെടുത്തരുത്. നബി ﷺ പറഞ്ഞു: ആരെങ്കിലും നന്മ അറിയിച്ചു കൊടുത്താൽ അവന് അതനുസരിച്ച് പ്രവർത്തിക്കുന്നവൻെറ പ്രതിഫലത്തിന് തുല്യമായതുണ്ട്. (മുസ്‌ലിം) “നിങ്ങളിൽ ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്. (ബുഖാരി) “എന്നിൽ നിന്ന് നിങ്ങൾ എത്തിച്ചുകൊടുക്കുക അതൊരു ആയത്തയാലും ശരി. (ബുഖാരി, മുസ്‌ലിം) താങ്കൾ നന്മയുടെ പ്രചാരണം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് പ്രതിഫലവും വർദ്ധിച്ചുകൊണ്ടിരിക്കും. അതിൻെറ പുണ്യം ജീവിതത്തിലും മരണാനന്തരവും ലഭിക്കുന്നതുമാണ്. നബി ﷺ പറഞ്ഞു: ഒരാൾ മരിച്ചാൽ അവൻെറ കർമ്മങ്ങളിൽനിന്ന് നിലനിൽക്കുന്ന ദാനം, ഉപകരിക്കുന്ന വജ്ഞാനം, അവന് വേണ്ടി പ്രാർത്ഥിക്കുന്ന സദ്‌വൃത്തനായ സന്താനം, എന്നീ മൂന്നെണ്ണം ഒഴികെയുള്ളതെല്ലാം അവസാനിക്കുന്ന താണ്. (മുസ്‌ലിം)

**പ്രകാശത്തിലേക്ക്:** ഓരോ ദിനവും പതിനേഴ് പ്രാവശ്യത്തിലധികം നാം ഫാതിഹ പാരായണം ചെയ്യുന്നു. അല്ലാഹുവിൻെറ കോപത്തിന് വിധേയവരായവരിൽ നിന്നും വഴിപിഴച്ചവരിൽ നിന്നും അതിൽ അഭയം തേടുന്നു. എന്നിട്ട് അറിവില്ലാതെ പ്രവർത്തിച്ച് കൊണ്ട് ക്രിസ്ത്യാനികളോടും പഠിച്ചത് പ്രവർത്തിക്കാതെ ജൂതന്മാരോടും നാം തുല്യരാകുന്നതെങ്ങനെയാണ്.

അല്ലാഹു നമുക്കെല്ലാം ഉപകാരപ്രദമായ വിജ്ഞാനവും സ്വീകാര്യമായ സൽകർമ്മ ങ്ങളും നൽകി അനുഗ്രഹിക്കട്ടെ. അല്ലാഹുവും റസൂലുമാണ് ഏററവും അറിയുന്ന വർ. അല്ലാഹുവിൻെറ രക്ഷയും സമാധാനവും നബിക്കും കുടുംബത്തിനും സ്വഹാബി കൾക്കുമുണ്ടാകട്ടെ.